# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1364

21.03.2012 ൽ മറുപടിയ്ക്ക്

## പുതിയ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന സമീപനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. |
| (ബി) പുതിയ സൊസൈറ്റികളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) കേന്ദ്ര സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചതായി വിവരം ലഭിച്ചിട്ടില്ല. |
| (സി) നിലവിലെ ആക്ടിനും റൂളിനും വിധേയമായി നടപടി ക്രമങ്ങൾ പൂർത്തിയാക്കി രജിസ്ട്രേഷൻ നടപടിക്കായി എ.ആർ ഓഫീസുകളിൽ നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർമാർ പല കാരണങ്ങൾ പറഞ്ഞ് രജിസ്റ്റർ ചെയ്യാതെ പുതിയ സഹകാരികളെ നിരുത്സാഹപ്പെടുത്തുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ രജിസ്ട്രേഷൻ മന:പ്പൂർവ്വം നടത്താതിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ ആരെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ; എത്ര അപേക്ഷകൾ ഇപ്പോൾ നടപടികൾക്കായി ഓഫീസിൽ കെട്ടിക്കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (ഡി) പരാതികളൊന്നും ലഭിച്ചിട്ടില്ല. ആലപ്പുഴ ജില്ലയിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി ലഭിച്ച 14 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ഇവയിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഇ) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകാത്തതിന്റെ പേരിൽ ആരെങ്കിലും ബഹു. കോടതിയെ സമീപിച്ചതായി അറിവിൽപ്പെട്ടിട്ടുണ്ടോ?

(ഇ) ഉണ്ട്.

സെക്ഷൻ ഓഫീസർ